കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഡൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 27/3/2017

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 30.1.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

കോഡൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം .27/3/2017l                    തിയ്യതി: 30/1 /2017

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 19-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20-12-2016 മുതൽ 30-12-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ഷീബ ഇസഡ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. മുഹമ്മദ് അലി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. റജുല പെലത്തൊടി | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം (കൃഷി ഓഫീസർ, ഐ.സി.ഡി.എസ്, സെക്രട്ടറി എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01.11.2015 മുതൽ 16.11.2015 വരെ |
| ശ്രീ. സി പി ഷാജി | 17.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പി ചന്ദ്രൻ | 01.04.2015 മുതൽ 30.11.2015 വരെ |
| ശ്രീമതി. എം ജി സീതാലക്ഷ്മി(അ.സെ) (സെക്രട്ടറി ഇൻ ചാർജ്) | 01.12.2015 മുതൽ 16.12.2015 വരെ |
| ശ്രീ. കെ പ്രേമാനന്ദൻ | 17.12.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. എം ജി സീതാലക്ഷ്മി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. അബ്ദുൽ ജലീൽ പി | 01.04.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിമൽകുമാർ വി എം | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രകാശൻ പി | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ശ്രീജിത്ത് വിവി | 01.04.2015 മുതൽ 06.12.2015 വരെ |
| | ഡോ. സിനി എം | 07.12.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ടി എം ബിന്ദു | 01.04.2015 മുതൽ 25.12.2015 വരെ |
| | ശ്രീമതി. കെ നഷീദ | 26.12.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീ. യൂസഫ് എ | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഷംസുദ്ദീൻ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | കോഡൂർ പഞ്ചായത്ത് ISO മികവിലേക്ക് | 1-12 | |
| 13 | സൗരോർജ്ജത്തിലൂടെ വൈദ്യുതി ബിൽ ലാഭിച്ച് കോഡൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് | 1-13 | |

| | | | |
|---|---|---|---|
| ഭാഗം II<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14ാം വകുപ്പ് , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 14 | ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ് വിതരണം കാര്യക്ഷമമാക്കേണ്ടതാണ് | 2-1 | |
| 15 | റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-2 | |
| 16 | തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-3 | |
| 17 | കാരാറുകാർ , അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 | |
| 18 | ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകത | 2-5 | |
| 19 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ് | 2-6 | |
| 20 | വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഡിമാന്റ് ചെയത് ഈടാക്കുന്നില്ല | 2-7 | |
| 21 | വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. | 2-8 | |
| ഭാഗം III<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14ാം വകുപ്പ് , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 22 | സി.ഡി.എസ് ഭരണ സമിതിയുടെ അഭാവം - ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയില്ല. | 3-1 | |
| 23 | റോഡ് പ്രവൃത്തികൾ അമിത കനത്തിൽ കോൺക്രീറ്റിംഗ് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. | 3-2 | |
| 24 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ മാർഗരേഖ പാലിക്കുന്നില്ല. | 3-3 | |
| 25 | ആദായ നികുതി കുറവ് ചെയ്യാതെ കൺവീനർക്ക് അധിക തുക നൽകി | 3-4 | |
| 26 | ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല | 3-5 | |
| 27 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - മാർഗ്ഗരേഖ പാലിച്ചില്ല | 3-6 | |
| 28 | വീടുപണി പൂർത്തീകരിച്ചില്ല | 3-7 | |
| 29 | എസ്.എസ്.എ പ്രോജക്ടിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടാവുന്നില്ല; എസ്.എസ്.എ വിഹിതം ലക്ഷ്യം നിറവേറ്റുന്നില്ല. | 3-8 | |
| 30 | സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു | 3-9 | |
| 31 | പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കിയില്ല. | 3-10 | |

| | | | |
|---|---|---|---|
| 32 | പരിരക്ഷ- പാലിയേറ്റീവ് കെയർ പദ്ധതി മാർഗരേഖ പാലിക്കേണ്ടതാണ്. | 3-11 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 46 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 05-03-2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 03.02.2016 ലെ 4ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 20/06/2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 29-12-16 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷികക്കണക്കുകളിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2) സാംഖ്യ ആരംഭിക്കുന്നതിനു മുമ്പുള്ള ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

4) വാർഷികക്കണക്കുകളിലെ D&O ലൈസൻസ് ഫീ തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിലും വ്യത്യസ്ത തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| AFS ലെ തുക | 101100 | 77100<br>3000 - Other fees-Current<br>22100 – Advance in 14-15<br>102200 | 400 |
| രജിസ്റ്ററിലെ തുക | 77100+<br>3000- Other fees-Current | 77100+<br>3000 | ഇല്ല |

5) വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.

6) വസ്തു നികുതി കുടിശികയിൽ അധികം കിടക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.

7) DBT വഴി മാറിയ പെൻഷൻ തുകകൾ AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 29018350 |
| വരവ് | 42460607 |
| ആകെ | 71478957 |
| ചെലവ് | 56588811 |
| നീക്കിയിരിപ്പ് | 14890146 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി ACR (പ്രകാരം) | ചെലവു ശതമാനം | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 6045089 | 14939940 | 25633775 | 16031527 | 4648746 | 9602248 | 62.54 | 0 |
| വികസന ഫണ്ട് (എസ്. സി.പി) | 841664 | 2034664 | 2604664 | 1938100 | (-) 271664 | 666564 | 74.41 | 0 |
| വികസന ഫണ്ട് (ടി.എസ്. പി) | 0 | 9000 | 9000 | 9000 | | 0 | 100 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1013695 | 6642000 | 7655695 | 7091453 | - | 564242 | 92.63 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡി തരം) | 1064301 | 3355000 | 4419301 | 3848182 | - | 571119 | 87.08 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2743218 | 5708827 | 6979580 | 6979580 | (-) 1472465 | 0 | 100 | 0 |
| ലോക ബാങ്ക് ധന സഹായം | 3569590 | 2904617 | 3569590 | 3098293 | (-) 2904617 | 0 | 86.80 | 0 |
| NREGS | 56315 | 7814962 | 7871277 | 7866392 | - | 4885 | 99.94 | 48.85 |
| ബി.ഫണ്ട് | 0 | 27329766 | 27329766 | 27329766 | - | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

a)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 2015-16

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 250 | 57891408 | 237 | 48378280 | 13 | 13 | 83.57 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ – ഇല്ല

ബി) നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയവ

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 9 | 1006073 | 0 | 1 | 94.32 |
| വെറ്ററിനറി സർജൻ | 4 | 4 | 4 | 2309434 | 0 | 0 | 96.9 |
| മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | 6 | 6 | 6 | 1740987 | 0 | 0 | 99.48 |
| വി.ഇ.ഒ | 9 | 9 | 4 | 4154000 | 3 | 2 | 56.6 |
| ICDS സൂപ്പർവൈസർ | 6 | 6 | 5 | 356605 | 1 | | 82.77 |
| സെക്രട്ടറി | 29 | 29 | 24 | 6088808 | 0 | 5 | 88.36 |
| ഹെഡ്മാസ്റ്റർ | 5 | 5 | 5 | 2820161 | 0 | 0 | 75.19 |

| | | | | | | | |
|---|---|---|---|---|---|---|---|
| അസി. എഞ്ചിനീയർ | 175 | 175 | 161 | 25353412 | 10 | 4 | 87.27 |
| അസി.സെക്രട്ടറി | 6 | 6 | 6 | 1339350 | 0 | 0 | 98.98 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ 19.55 % കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6238170 | 4621259 | 1616911 | -25.91 |
| നികുതിയേതര വരവുകൾ | 1459255 | 1502767 | 43512 | 2.98 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 187985 | 219167 | 31182 | 16.58 |
| ആകെ | 7885410 | 6343193 | 1542217 | -19.55 |

## 1-8 സാമൂഹ്യ ക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

a) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74040 | 41 |
| കർഷകതൊഴിലാളി വേതനം | 1627620 | 188 |
| വിധവാപെൻഷൻ | 10155000 | 1043 |
| വാർദ്ധക്യകാലപെൻഷൻ | 11048940 | 1613 |
| വികലാംഗപെൻഷൻ | 4016600 | 375 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 220080 | 26 |

b) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 5 | 4 | 1 | ഇല്ല |
| 2 | കർഷകതൊഴിലാളി വേതനം | 9 | 5 | 4 | ഇല്ല |
| 3 | വിധവാപെൻഷൻ | 74 | 66 | 8 | ഇല്ല |
| 4 | വാർദ്ധക്യകാലപെൻഷൻ | 363 | 363 | 332 | ഇല്ല |
| 5 | വികലാംഗപെൻഷൻ | 7 | 7 | 3 | ഇല്ല |
| 6 | വിവാഹ ധനസഹായം | 6 | 6 | ഇല്ല | ഇല്ല |
| 7 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 9 | ഇല്ല | ഇല്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-12-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തുക ബാങ്കിൽ അടവാക്കിയതിനാൽ ക്യാഷ് ബാലൻസ് /നീക്കിയിരിപ്പ് ഒന്നും തന്നെ അവശേഷിക്കുന്നില്ല

## 1-10 ആഭ്യന്തരനിയന്ത്രണം

1. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സർക്കാർ ഉത്തരവ് (അ) 177/2006 / ധന തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവിരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യഗസ്ഥനായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ടി.ആർ 7 എ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. അസി.എഞ്ചിനീയർ ഐ.സി.ഡി.എസ് സൂപ്പർവൈസർ , വി ഇ ഒ ,കൃഷി ഓഫീസർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ എന്നിവർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്റിനറി സർജൻ എന്നിവർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.മാസ്റ്റർ ഇംക്യുംബൻസി

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും) രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3.ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ

സ.ഉ(സാ.ധാ) നം.2465/2016/ തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.2016 മുതൽ 16.11.2016 | 2016 ഒക്ടോബർ | 14.12.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-09-2009 മുതൽ 30-09-2009 വരെ | 2008-09 | 30.11.2009 |

## 1-12 കോഡൂർ പഞ്ചായത്ത് ISO മികവിലേക്ക്




കോഡൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും ജീവനക്കാരും ജനങ്ങൾക്കൊപ്പം നടന്ന് പ്രാവർത്തികമാക്കിയ മികവുറ്റ പ്രവർത്തനങ്ങൾക്ക് ഐ.എസ്.ഒ 9001:2008 അംഗീകാരം. 2015-16 സാമ്പത്തിക വർഷത്തിലാണ് ഐ.എസ്.ഒ തിളക്കം പഞ്ചായത്ത് നേടിയെടുത്തത് (സർട്ടിഫിക്കറ്റ് നമ്പർ – TQS/Q-130 തിയ്യതി 11.05.2015). ഓഫീസും അതിനോടനുബന്ധിച്ച സൗകര്യങ്ങളും ഉയർന്ന നിലവാരത്തിൽ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും വാഹന പാർക്കിംഗ് സൗകര്യത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് വീർപ്പുമുട്ടുന്നുണ്ട്. വാഹന പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-13 സൗരോർജ്ജത്തിലൂടെ വൈദ്യുതി ബിൽ ലാഭിച്ച് കോഡൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്

ഗ്രാമപഞ്ചായത്ത് ഓഫീസിൽ വൈദ്യുതി മുടങ്ങിയാലും ദൈനംദിന പ്രവർത്തനങ്ങൾക്ക് കോട്ടം തട്ടാതെ എല്ലാം പതിവ് പോലെ നടക്കും. പൊതുജനസേവനത്തിന് ഇവിടെ ഊർജം ആവശ്യത്തിന് നൽകുന്നത് ഇവിടെ സ്ഥാപിച്ചിരിക്കുന്ന സോളാർ പാനലാണ്. 2013-14 വർഷത്തിലാണ് സോളാർ പാനൽ സ്ഥാപിക്കാനുള്ള പ്രോജക്ട് രൂപവൽകരിച്ചത്. പാനൽ സ്ഥാപിച്ചതോടെ പഞ്ചായത്ത് കാര്യാലയത്തിലെ വൈദ്യുതി ബിൽ ഏറ്റവും കുറഞ്ഞ നിരക്കിലായി . പഞ്ചായത്ത് കാര്യാലയം, അതിനോടനുബന്ധിച്ചുള്ള മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യാലയം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, പഞ്ചായത്ത് അസി.എഞ്ചിനീയറുടെ കാര്യാലയം , കുടുംബശ്രീ ഓഫീസ്, കൃഷി ഓഫീസ് എന്നിവയിൽ പ്രകാശം പരത്തുന്നത് സൗരോർജ്ജമാണ്. 10,80,030 രൂപ ചെലവഴിച്ചാണ് സൗരോർജ്ജ പാനൽ സ്ഥാപിച്ചത്. ലോക ബാങ്ക് ധനസഹായം കൊണ്ടാണ് പ്രോജക്ടിന്റെ ചെലവ് പൂർണമായും വഹിച്ചത്. അടിക്കടി ഉണ്ടാകുന്ന പവർക്കട്ടിനെ ചെറുക്കാനും വർദ്ധിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിബില്ലിൽ നിന്ന് മോചനം നേടാനുമാണ് പഞ്ചായത്ത് അധികൃതർ സൗരോർജ്ജത്തെ ആശ്രയിച്ചത്. ഇന്ന് ഏകദേശം 10 കിലോവാട്ട് വൈദ്യുതിയാണ് സൗരോർജ പാനൽ വഴി ഉത്പ്പാദിപ്പിക്കുന്നത്. പഞ്ചായത്ത് കാര്യാലയത്തിലെ 23 സീലിങ്ങ് ഫാനുകൾ 18 കമ്പ്യൂട്ടറുകൾ മുപ്പതോളം ട്യൂബുകൾ,ടി.വി, 2 ഫോട്ടോ സ്റ്റാറ്റ് മെഷീൻ, 10 പ്രിന്ററുകൾ, സിസി ടിവി, എന്നിവ പ്രവർത്തിക്കുന്നത് സോളാർ വൈദ്യുതി ഉപയോഗിച്ചാണ്. ചെലവ് കുറഞ്ഞതും നൂതനവുമായ ഇത്തരം പദ്ധതികൾ സ്ഥാപിച്ച് മറ്റുള്ള പഞ്ചായത്തുകൾക്ക് മാതൃകയാവുകയാണ് കോഡൂർ ഗ്രാമ പഞ്ചായത്ത്.



## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ് വിതരണം കാര്യക്ഷമമാക്കേണ്ടതാണ്

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു എന്ന് കേരള പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 232) വ്യക്തമാക്കുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2015-16 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിന വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 47 | 18 | 218 | - | 236 | 283 |

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം തുച്ഛമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് നിയമം ചട്ടം 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. 2015-16 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി ലഭിച്ച അപേക്ഷകളിൽ 92 % വും നിശ്ചിത സമയത്തിന ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വന്ന ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉടലെടുക്കുകയും തൻമൂലം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ഭീമമായ സംഖ്യ പഞ്ചായത്തിന് നഷ്ടപ്പെടുകയും ചെയ്യുന്നു.

ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും, സ്ഥലനാമ നിബന്ധന ഉറപ്പാക്കേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താനും സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ലൈസൻസ് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26).

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ്</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന ബേക്കറി, ഹോട്ടൽ, റെസ്റ്റോറന്റുകൾ തുടങ്ങി ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ ഹെൽത്ത്കാർഡ്, മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവ ലൈസൻസ് അപേക്ഷയോട് കൂടി ലഭ്യമാക്കേണ്ടതാണ്. ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം ഭക്ഷണശാലകൾക്ക് ലൈസൻസ് അനുവദിക്കാവൂ. സാനിറ്ററി സർട്ടിഫിക്കറ്റ് ആരോഗ്യവകുപ്പിൽ നിന്ന് ലഭിക്കുന്നതിന വേണ്ടി 100 രൂപ ബന്ധപ്പെട്ട ഹെഡിൽ ട്രഷറിയിൽ പോയി ചലാനെടുക്കേണ്ട പ്രയാസം സാധാരണ ജനങ്ങൾ നേരിടുന്നുണ്ട്. എന്നാൽ ഇതിന്ന് വിഭിന്നമായി കോഡൂർ ഗ്രാമ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം ജനങ്ങളുടെ ഈ ആവശ്യം മുൻ നിർത്തി സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ട 100 രൂപ നേരിട്ട് ടി.ആർ 5 ൽ വാങ്ങി ജനങ്ങൾക്ക് സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. എന്നിട്ടും സാനിറ്ററി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയുള്ള അപേക്ഷകളിൽ പഞ്ചായത്ത് ലൈസൻസ് അനുവദിച്ചു കൊടുക്കുന്നത് ഓഡിറ്റിന് അംഗീകരിക്കാൻ സാധിക്കില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | അപേക്ഷയുടെ സീരിയൽ നമ്പർ | അപേക്ഷകന്റെ പേര് / വിലാസം | പർപ്പസ് | കടയുടെ പേര് | വാർഡ് നമ്പർ /കെട്ടിട നമ്പർ |
|---|---|---|---|---|---|
| 1 | 7 | അബ്ദുൽ സലീം അയനികുണ്ടൻ, ഒറ്റത്തറ | ഐസ്ക്രീം വ്യാപാരം | സഫ ഗ്രൂപ്പ് ഏജൻസി | 12/41,42 |
| 2 | 10 | ഷിഹാബുദ്ധീൻ | ബേക്കറി | എ.ആർ ബേക്കറി | 3/583 |

| | | | | | |
|---|---|---|---|---|---|
| | | സ്രാമ്പിക്കൽ ഹൗസ് ഒറ്റത്തറ | നടത്തുവാൻ | | |
| 3 | 12 | മഹമൂദ് സി.എച്ച് ചോലശ്ശേരി ഹൗസ് ചെമ്മങ്കടവ് | ബേക്കറി നടത്തുവാൻ | സി.എച്.എം ബേക്കറി | 3/216 |
| 4 | 24 | സമീർ പി എസ്. വി അസോസിയേറ്റ്സ് | ഫുഡ് പ്രോസസിംഗ് യൂണിറ്റ് | എസ്.വി അസോസിയേറ്റ്സ് | 11/283E |
| 5 | 40 | മുഹമ്മദ് സി എസ് ചെള്ളി സൂപ്പൻ ഹൗസ് | സോഡാ നിർമിച്ച് വിതരണം ചെയ്യുന്നത് | മൈസ് സോഡാ വർക്ക്സ് | 4/493 |
| 6 | 58 | ഷോപ്പ് മാനേജർ മാവേലി സ്റ്റോർ ചട്ടിപ്പറമ്പ് | സപ്ലൈക്കോ മാവേലി സ്റ്റോർ നടത്തുന്നതിന് | സപ്ലൈക്കോ മാവേലി സ്റ്റോർ | 3/ 291 & 296 |
| 7 | 83 | മുഹമ്മദ് ഷാഫി നാട്ടികല്ലിങ്ങൽ പി ഒ | ബേക്കറി നടത്തുവാൻ | ടേക്ക് സിറ്റി | 18/563 |
| 8 | 84 | ഗോപി അധികാരക്ക് | ഹോട്ടൽ | മലബാർ | 14/99 |
| 9 | 90 | ശ്രീ.മുഹമ്മദ് ഹനീഫ പാറമ്മൽ | ഹോട്ടൽ | - | 8/208 B |
| 10 | 120 | ശ്രീ. കാസിം തോരപ്പ | കോഴിക്കച്ചവടം | അൽ അമീൻ ചിക്കൻ സ്റ്റാൾ | 7/211 R |

മത്സ്യ – മാംസ വ്യാപാര സ്ഥാപനങ്ങൾ , ചായക്കട , ബേക്കറി ,ഹോട്ടൽ എന്നിവക്ക് ആരോഗ്യ വകുപ്പ് അധികാരികളിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലാ എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 255ാം വകുപ്പ് പ്രകാരം പഞ്ചായത്ത് നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടെ നീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകളിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല.

റേഷൻ കടകൾ

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം | റിമാർക്സ് |
|---|---|---|
| 1 | ആൽപറ്റകുളമ്പ് | |
| 2 | വലിയാട് | |
| 3 | ചെമ്മങ്കടവ് | |
| 4 | വടക്കേമണ്ണ | |
| 5 | വെസ്റ്റ് കോഡൂർ | |
| 6 | വരിക്കോട് | |
| 7 | മങ്ങാട്ടുപ്പുലം | |
| 8 | താണിക്കൽ | |
| 9 | ഈസ്റ്റ് കോഡൂർ | |
| 10 | ഉമ്മത്തൂർ | |

1996 ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി 2016-17 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11– 27.12.2016) തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

## 2-3 തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ കാലികമാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല.

## 2-4 കാരാറുകാർ , അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ , കലയിലോ , ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1.ബിൽഡിംഗ് എഞ്ചിനീയർ/സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി ബന്ധപ്പെട്ട രജിസ്റ്ററിൽ കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2.കാരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

അസി.എഞ്ചിനിയറുടെ ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കരാറുകാർ പഞ്ചായത്തിന്റെ വിവിധ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | ശ്രീ. അമീറലി എൻ |
| 2 | ശ്രീ. ജംഷീർ ഒ കെ |
| 3 | ശ്രീ. സുബീഷ് കെ |
| 4 | ശ്രീ. ശംസുദ്ധീൻ കെ |
| 5 | ശ്രീ. അബ്ബാസ് കെ പി |
| 6 | ശ്രീ. അബ്ദുൽ റഷീദ് എൻ |
| 7 | ശ്രീ. സൈഫുള്ള പി കെ |
| 8 | ശ്രീ. ഉമ്മർ കെ |
| 9 | ശ്രീ. നവീൻ ഹർഷൽ പി കെ |
| 10 | ശ്രീ. മുഹമ്മദ് മുസ്തഫ എൻ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(08/23.12.2016) മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു.

## 2-5 ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15 /തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് വൻ തുക നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ട പ്രകാരം പുനർ നിർണ്ണയിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി +ഗ്രന്ഥ ശാല വരി (5%) =ആകെ | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച വാർഷിക വസ്തു നികുതി (പഴയ നികുതി + 150 % വർദ്ധനവ്) +ഗ്രന്ഥ ശാല വരി (5%)=ആകെ | വസ്തു നികുതി പരിമിതപ്പെടുത്തിയതിനാലുണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | 2/28 | ശ്രീ. പി ടി രഘുനാഥ് | 334 | 1827+92=1919 | 835+42 = 877 | 1042 |
| 2 | 3/69 | ശ്രീ.ചെകിപ്പുറത്ത് മുഹമ്മദ് കുട്ടി | 20 | 440+22=462 | 50+3 = 53 | 409 |
| 3 | 7/528 | സെക്രട്ടറി, | നികുതി നിർണയിച്ച വിവരം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. | | | |

| | | | | | | |
|---|---|---|---|---|---|---|
| | | സേവന ചാരിറ്റബിൾ ഫൗണ്ടേഷൻ | | | | |
| 4 | 7/788 | ശ്രീ.അബ്ദുൽ റസാഖ് കരുവാൻതൊടി | 98 | 275+14=289 | 245+13 = 258 | 31 |
| 5 | 9/9 | സെക്രട്ടറി, ഐ.യു.എം.എൽ, കോഡൂർ ഗ്രാമ പഞ്ചായത്ത് | 33 | 1023+52 = 1075 | 83+5 = 88 | 987 |
| 6 | 9/10 | സെക്രട്ടറി, ഐ.യു.എം.എൽ, കോഡൂർ ഗ്രാമ പഞ്ചായത്ത് | 81 | 1023+52 = 1075 | 203+11 = 214 | 861 |
| 7 | 10/114 | സെക്രട്ടറി, ക്ഷീരോൽപാദന സഹകരണ സംഘം | 83 | 810+41 = 851 | 83+5 = 88 | 763 |
| 8 | 10/275 | ശ്രീ കോറാടൻ അലവിക്കുട്ടി | 129 | 450+23 = 473 | 307+16 = 323 | 150 |
| 9 | 10/276 | ശ്രീ കോറാടൻ അലവിക്കുട്ടി | 129 | 450+23 = 473 | 307+16 = 323 | 150 |
| 10 | 11/232 | ശ്രീ. മച്ചിങ്ങൽ ഹംസ ഹാജി | 81 | 414+21=435 | 203+11=214 | 221 |
| 11 | 11/233 | ശ്രീ. മച്ചിങ്ങൽ ഹംസ ഹാജി | 81 | 414+21=435 | 203+11=214 | 221 |
| 12 | 12/123 | സെക്രട്ടറി, സിറജ്ജുൽ ഇസ്ലാം സംഘം | 26 | 2739+137=2879 | 65+4=69 | 2807 |
| 13 | 12/124 | സെക്രട്ടറി, സിറജ്ജുൽ ഇസ്ലാം സംഘം | 30 | 3010+151=3161 | 75+4=79 | 3082 |
| 14 | 17/80 | ശ്രീ കിളിയമണ്ണിൽ ഇബ്രാഹിം | 33 | 264+14=278 | 83+5=88 | 190 |
| 15 | 17/130 | വില്ലേജ് ഓഫീസ് കോഡൂർ | 324 | 840+42=882 | 810+41=851 | 31 |
| 16 | 18/183 | ശ്രീമതി. കവുങ്ങിൽ ഫാത്തിമ | 49 | 432+22=454 | 123+7=130 | 324 |
| ആകെ | | | | | | ₹ 11,269 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13– 29/12/2016 ) അപാകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാത്തതിനാൽ ഫീൽഡ് പരിശോധനക്ക് ശേഷം നിലവിൽ ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സ.ഉ (കൈ) 210/2013 തസ്വഭവ.തിയ്യതി 04.06.2013 പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിച്ച നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.

## 2-6 മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ്

വസ്തു നികുതിയുടെ ഓൺലൈൻ പ്ലാറ്റ്ഫോമായ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി നിർണയിച്ചിട്ടുണ്ട്.

| ക്രന | വാർഡ് / കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | പഴയ നികുതി | തറ വിസ്തീർണ്ണം | തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക വസ്തു നികുതി<br>(അടിസ്ഥാന വസ്തു നികുതി നിരക്ക് - ₹ 500) |
|---|---|---|---|---|---|
| 1 | 7<br>ചട്ടിപ്പറമ്പ്<br>544 | ശ്രീമതി. ചക്കിങ്ങത്തൊടി മറിയുമ്മ | ₹ 162 | 23.66 ച മീ<br>ഇളവ്- 20<br>വർദ്ധനവ്- 20% | 1. വാർഷിക വസ്തു നികുതി₹ 11830<br>2. ഗ്രന്ഥ ശാല വരി ₹ 592<br>ആകെ- 12,422 |
| 2 | 7<br>ചട്ടിപ്പറമ്പ്<br>650 | ശ്രീ. എം പി ഹൈദർ അലി | ₹ 6480 | 27.13 ച മീ<br>ഇളവ്- 20<br>വർദ്ധനവ്- 20% | 1. വാർഷിക വസ്തു നികുതി₹ 13565<br>2. ഗ്രന്ഥ ശാല വരി ₹ 679<br>ആകെ- 14244 |
| 3 | 7<br>ചട്ടിപ്പറമ്പ്<br>228 S | നികുതി നിർണയിച്ചിട്ടില്ല | | | |
| 3 | 3<br>ചെമ്മങ്കടവ്<br>635 A | ഭാരതി എയർടെൽ ലിമിറ്റഡ്, കണ്ടനൂർ ജക്ഷൻ | ₹ 1536 | 7 ച.മീ<br>ഇളവ്- 0%<br>വർദ്ധനവ്-20% | 1. വാർഷിക വസ്തു നികുതി₹ 4200<br>2. ഗ്രന്ഥ ശാല വരി ₹ 210<br>ആകെ- 4410 |
| 4 | 3<br>ചെമ്മങ്കടവ്<br>224 A | ലീഗൽ ഓഫീസർ<br>ഇൻഡസ് ടവർ ലിമിറ്റഡ് | നികുതി നിർണയിച്ചിട്ടില്ല | | |
| 4 | 6<br>പെരിങ്ങോട്ടു പുലം<br>430 A | ശ്രീ. പെരുവാൻകുഴിയിൽ ഉണ്ണീൻ ഹാജി | ₹ 5508 | 10 ച.മീ<br>ഇളവ്- 0%<br>വർദ്ധനവ്- 20% | 1. വാർഷിക വസ്തു നികുതി₹ 6000<br>2. ഗ്രന്ഥ ശാല വരി ₹ 300 ആകെ- 6300 |
| 5 | 16<br>നാട്ടുകല്ലിങ്ങൽ പടി<br>83 A | ശ്രീമതി. കവുങ്ങിൽ പാത്തുമ്മ | ₹ 1536 | 15 ച.മീ<br>ഇളവ്- 10%<br>വർദ്ധനവ്- 20% | 1. വാർഷിക വസ്തു നികുതി₹ 8250<br>2. ഗ്രന്ഥ ശാല വരി ₹ 413<br>ആകെ- 8663 |

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിർണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15 – 29/12/2016) തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

## 2-7 <u>വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഡിമാന്റ് ചെയത് ഈടാക്കുന്നില്ല</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (ചെമ്മങ്കടവ്) വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തു നികുതി നിർണയിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും മാത്രമേ നികുതി ഇളവ് അനുവദിച്ചിട്ടുള്ളൂ. വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന് 9 വർഷം കാലപ്പഴക്കം ഉണ്ട്. ഓഫീസ് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം 35 ച.മീറ്ററാണ്. അടിസ്ഥാന വസ്തു നികുതി 30 രൂപ നിരക്കൽ ഇളവ്/വർദ്ധനവ് എന്നിവക്ക് ശേഷം വാർഷിക വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത് 840 രൂപയാണ്. എന്നാൽ 810 രൂപയിൽ ആയത് പരിമിതപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല.

| | |
|---|---|
| വാർഷിക വസ്തു നികുതി | 840 |
| ഗ്രന്ഥ ശാല വരി (5 %) | 42 |
| സേവന ഉപനികുതി | - |
| സർചാർജ് | - |
| ആകെ | 882 |

കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14– 29/12/2016 ) മറുപടിയായി ""പഞ്ചായത്തിലെ 17-ാം വാർഡിൽ (പാലക്കൽ) 130ാം കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

## 2-8 <u>വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് .</u>

ഗ്രാമപഞ്ചായത്തിൽ 2015-2016 വർഷങ്ങളിൽ വസ്തുനികുതിയിനത്തിൽ വൻ തുക പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

കടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി- 11,75,506 രൂപ

തൻവർഷം ഡിമാന്റ് പിരിവ് ബാക്കി - 15,03,998 രൂപ

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി പിരിവ് 100 % എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>സി.ഡി.എസ് ഭരണ സമിതിയുടെ അഭാവം - ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കിയില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയ പദ്ധതി 2009-12 കാലയളവിൽ നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 46 അഗതി കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ. വിവിധ സ്രോതസ്സുകളിൽ നിന്ന് 68,50,000 രൂപയാണ് പ്രോജക്ടിന് വകയിരുത്തിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സേവന ഇനങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 108 | 108 | 9,72,000 | 9,72,000 | 2,73,988 |
| 2 | ചികിത്സ | 40 | (ക്യാമ്പ് നടത്തിയാണ് തുക ചെലവഴിച്ചത്) | 1,45,000 | 1,45,000 | 5280 |
| 3 | വിദ്യാഭ്യാസം | 31 | 12 | 93,000 | 93,000 | 28176 |
| 4 | ഭൂമി | 32 | 16 | 16,00,000 | 660,000 | 660,000 |
| 5 | വീട് | 38 | 18 | 38,00,000 | 21,61,054 | 18,00,000 |
| 6 | കുടിവെള്ളം | 36 | 4 | 230,000 | 25,000 | 25,000 |
| 7 | മറ്റുള്ളവ | - | - | 10,000 | 2,90,000 | 9,415 |
| | ആകെ | | | 68,50,000 | 43,46,054 | 28,01,859 |

പദ്ധതി കാലയളവ് കഴിഞ്ഞിട്ടും വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ മുഴുവൻ നടപ്പാക്കിയില്ല. ലഭിച്ച തുകയുടെ 64.46 % ചെലവഴിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിന്റെ തുടർസേവന പ്രോജക്ട് അംഗീകാരത്തിനായി ജില്ലാ മിഷന് നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല.

68.5 ലക്ഷം രൂപ പദ്ധതിക്കു വേണ്ടി വകയിരുത്തിയെങ്കിലും 43.46 ലക്ഷം രൂപ മാത്രമാണ് ലഭ്യമായത്. ഗ്രാമ പഞ്ചായത്ത് വിഹിതമായി 53,50,000 രൂപ വകയിരുത്തിയെങ്കിലും 28,46,054 രൂപയാണ് ലഭിച്ചത്. ചലഞ്ച് ഫണ്ട് 15,00,000 രൂപ വകയിരുത്തിയതിൽ 29.03.2010 ൽ മൊത്തമായി ലഭിച്ചിട്ടുണ്ട്.

രണ്ടാം ഘട്ട പദ്ധതി മുന്നൊരുക്കങ്ങൾ വൈകുവാനുണ്ടായ പ്രധാന കാരണം 2012-15 കാലയളവിൽ സി.ഡി.എസ് ഭരണ സമിതി നിലവില്ലാത്തതായിരുന്നു. രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് വേണ്ടി ഫീൽഡ്തല സന്ദർശനം നടത്തിവരുന്നു, പൂർത്തീകരിച്ചിട്ടില്ല. സ.ഉ (എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 ലെ അനുബന്ധം 14 ൽ ആശ്രയ പദ്ധതി നടപ്പാക്കേണ്ട രീതി പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല.

സമൂഹത്തിൽ ഏറ്റവും പരിഗണനാർഹരായ അഗതികളുടെ സമഗ്ര പുനരധിവാസത്തിനുള്ള ഈ പദ്ധതി ശരിയായ രീതിയിൽ നടന്നിട്ടില്ല എന്ന് 3 വർഷത്തെ പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ നിന്ന് ബോധ്യമായിട്ടുണ്ട്. ആശ്രയ പദ്ധതി വിഭാവനം ചെയ്ത ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

## 3-2 റോഡ് പ്രവൃത്തികൾ അമിത കനത്തിൽ കോൺക്രീറ്റിംഗ് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ആകെ നടപ്പിലാക്കിയ 121 റോഡ് പ്രവൃത്തികളിൽ 89 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. 20 CM കനത്തിൽ ക്വാറിമക്ക് , 10 CM കനത്തിൽ 1:4:8 കോൺക്രീറ്റ്, 10 CM കനത്തിൽ 1:2:4 കോൺക്രീറ്റ് എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 28.09.2015 ലെ ചീഫ് എഞ്ചിനീയറുടെ ഡി ബി 4 -9099/2015 സി ഇ ത.സ്വ.ഭ.വ കത്തിന് (കോഴിക്കോട് കോർപ്പറേഷന് അയച്ചത്) വിരുദ്ധമായിട്ടാണ്. അമിത കനത്തിൽ റോഡ് കോൺക്രീറ്റ് ചെയ്തത്. നടപ്പാതകളുടെ പ്രാധാന്യം പരിഗണിച്ച് സി സി 1:4:8 10 CM കനത്തിൽ ചെയ്യുന്നതിനു മുകളിൽ 3 M ൽ താഴെ വീതിയുള്ളവക്ക് 1:2:4, 5 CM കനത്തിലും 3 മീറ്ററും അതിൽ കൂടുതൽ വീതിയുള്ള റോഡ്കൾക്ക് 7 ½ CM കനത്തിലും ചെയ്യാവുന്നതാണ്. അമിത കനത്തിലെ കോൺക്രീറ്റിംഗ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതിനാൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യേണ്ടതാണ്. മാത്രമല്ല 1:2:4 കോൺക്രീറ്റിന് DSR Code 4.1.3 ആണ് ബാധകമാക്കേണ്ടത്. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്ര | പ്രവൃത്തിയുടെ | പ്രവൃത്തിയുടെ ഇനവും ചെലവും |
|---|---|---|

| ന | വിവരം | | | | |
|---|---|---|---|---|---|
| | | ഇനം 1 (ആദ്യ ഘട്ടം) മൺപണി | ഇനം 2 (രണ്ടാം ഘട്ടം) ക്വാറി മക്ക് നിരത്തൽ $M^3$ (1037.5/$M^3$) | ഇനം 3 (മൂന്നാം ഘട്ടം) 1:4:8 40 MM ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യൽ ($M^3$) item code 4.1.8 | ഇനം 4 (നാലാം ഘട്ടം) 1:2:4 20 MM ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യൽ ($M^3$) item code no 11.7 |
| | | | 20 സെ.മീ കനത്തിൽ | 10 സെ.മീ കനത്തിൽ | 10 സെ.മീ കനത്തിൽ |
| 1 | വൗച്ചർ നമ്പർ 6/25.06.15<br>കുണ്ടുതോട് എരഞ്ഞിക്കൽ തേൻപറമ്പ് റോഡ് കോൺക്രീറ്റ്<br>പ്രൊജക്ട് നമ്പർ S0196/16<br>അടങ്കൽ 375,000/- വികസന ഫണ്ട്<br>കൺവീനർ - ശ്രീ. റഷീദ് ഇ<br>എം ബുക്ക് നമ്പർ - 12/14-15<br>TS No 31/AEE /LSGD/ MPM 2014-15 25.08.2014 ₹ 375,000/ | 261 $M^2$<br>5424.65/100 $M^2$ | 1037.5 $M^3$<br>52.20 $M^3$ | 4670.70 $M^3$<br>26.10 $M^3$ | 6181.2 $M^3$<br>26.10 $M^3$ |
| 2 | വൗച്ചർ നമ്പർ 29/25.06.15<br>മാമ്പറ്റ മുണ്ടേക്കോട് റോഡ് കോൺക്രീറ്റ്<br>പ്രൊജക്ട് നമ്പർ S0137/15<br>അടങ്കൽ 250,000/- ധന .ക. ഗ്രാന്റ്<br>കൺവീനർ - ശ്രീ. | 180 $M^2$<br>5424.65/100 $M^2$ | 1037.5 $M^3$<br>27 $M^3$ | 4670.70 $M^3$<br>18 $M^3$ | 6181.2 $M^3$<br>18 $M^3$ |

| | | | | | |
|---|---|---|---|---|---|
| | കെ എം ഹംസ<br>എം ബുക്ക് നമ്പർ - 35/14-15<br>TS No 191/AEE /LSGD/ MPM 2014-15 01.10.2014 ₹ 250,000/ | | | | |
| 3 | വൗച്ചർ നമ്പർ 44/03.10.15<br>ഈസ്റ്റ് കോഡൂർ മഞ്ചേരി കുളമ്പ് റോഡ് കോൺക്രീറ്റ്<br>പ്രൊജക്ട് നമ്പർ S0054/15<br>അടങ്കൽ 200,000/- (തനത് - 72744, ധന. കാ ഗ്ര. 127,256)<br>കൺവീനർ - ശ്രീ. ഷിഹാബുദ്ധീൻ കെ ടി<br>എം ബുക്ക് നമ്പർ - 7/15-16<br>TS No 127/AEE /LSGD/ MPM 2015-16 28.05.2015 ₹ 200,000/ | 124.10 $M^2$<br>5723.15/100 $M^2$ | 1037.5 $M^3$<br>18.65 $M^3$ | 4880.10 $M^3$<br>14.03 $M^3$ | 6202.10 $M^3$<br>14.70 $M^3$ |
| 4 | വൗച്ചർ നമ്പർ 54/19.12.15<br>കരിമ്പൽ കോളനി കുട്ടമ്മൽ റോഡ് കോൺക്രീറ്റ്<br>പ്രൊജക്ട് നമ്പർ S0217/16<br>അടങ്കൽ 200,000/- (വി ഫ – 190,000, ധന. കാ ഗ്ര. 10,000)<br>കൺവീനർ - ശ്രീ.മുഹമ്മദ് ഷിഹാബുദ്ധീൻ<br>എം ബുക്ക് നമ്പർ - 112/14-15<br>TS No 964/AEE | 144 $M^2$<br>5424.65/100 $M^2$ | 1037.5 $M^3$<br>21.60 $M^3$ | 4670.70 $M^3$<br>14.40 $M^3$ | 6181.20 $M^3$<br>14.40 $M^3$ |

| | | | | | |
|---|---|---|---|---|---|
| | /LSGD/ MPM 2014-15 04.02.2015 ₹ 200,000/ | | | | |
| 5 | വൗച്ചർ നമ്പർ 69/31.12.15<br>ബഡ്സ് സ്കൂൾ റോഡ് കോൺക്രീറ്റ്<br>പ്രൊജക്റ്റ് നമ്പർ S00274/16<br>അടങ്കൽ 350,000/- ലോക ബാങ്ക്<br>കൺവീനർ - ശ്രീ. ശംസുദ്ധീൻ കെ<br>എം ബുക്ക് നമ്പർ - 68/15-16<br>TS No 562/AEE /LSGD/ MPM 2015-16 08.05.2016 ₹ 350,000/ | 249 $M^2$<br>5723.15/100 $M^2$ | 1037.5 $M^3$<br>37.40 $M^3$ | 4880.10 $M^3$<br>24.90 $M^3$ | 6202.10 $M^3$<br>24.90 $M^3$ |

മറ്റ് അപാകതകൾ

റോളർ കടക്കാത്തയിടങ്ങളിലാണ് കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. 3 മീറ്റർ വീതിയുള്ള റോഡിൽ ഭാര വാഹനങ്ങൾ അധികമായി കടന്നു പോകാൻ സാദ്ധ്യതയില്ലാത്തതിനാൽ ഭാര വാഹനങ്ങൾ കടന്നു പോകുന്ന ടാർ റോഡിന് തന്നെ 17.5 cm കനമുണ്ടായിരിക്കെ അമിത കനത്തിൽ റോഡ് നിർമിച്ച് പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുന്നത് ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 03/22.12.2016 പ്രകാരം എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു )

## 3-3 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ മാർഗരേഖ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2015-16 ൽ ഏറ്റെടുത്ത് നടത്തിയത് 164 പ്രവൃത്തികളാണ് അവയിൽ 122 പ്രോജക്ടുകളും ഗുണഭോക്തൃ സമിതി കൺവീനർമാരാണ് നിർവഹിച്ചിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗരേഖയിലും പൊതുമരാമത്ത് ചട്ടങ്ങളിലും നിർദ്ദേശിച്ച പ്രകാരമുള്ള നടപടി ക്രമങ്ങൾ ഒന്നുംതന്നെ ഗുണഭോക്തൃ സമിതി വഴി നിർവഹണം നടത്തിയ പ്രവൃത്തികൾ പാലിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമായിരിക്കണമെന്ന ഉദ്ദേശ്യത്തോടെയുള്ള മേൽ മാർഗരേഖ പാലിക്കാതെ പ്രവൃത്തികൾ നടത്തിയത് ക്രമത്തിലല്ല.

1. ഗുണഭോക്തൃ സമിതിയിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും 30 % സ്ത്രീകളായിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

2. പണമിടപാട് ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല. കൺവീനറും ചെയർമാനും ചേർന്ന് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും വരവ് ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴിയല്ല നടത്തി വരുന്നത്.

3.മസ്റ്റർ റോളിൽ പൂർണവിവരമില്ല, നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല

4. പ്രവൃത്തിക്കാവശ്യമായ നിർമാണ സാമഗ്രികൾ ഗുണനിലവാരവും വിലയും പരിശോധിച്ച് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണം എന്നിരിക്കെ മണൽ , ക്വാറി മെറ്റൽ , എം സാന്റ് എന്നിവക്ക് വെള്ള പേപ്പറിലെ കൈപറ്റ രസീതികളാണ് ഹാജരാക്കിയത്. സിമന്റ് ,എം സാന്റ് എന്നിവക്ക് വാറ്റ് അടക്കമുള്ള ബില്ലില്ല. ടാർ വാങ്ങിയതിനും ബില്ല് ഹാജരാക്കിയില്ല. ഹാജരാക്കിയ ബില്ലുകൾ പരിശോധിച്ച് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. വരവ് ചെലവ് കണക്ക പുസ്തകം സൂക്ഷിക്കുന്നില്ല.

6. മിനട്ട്സ് ബുക്കിൽ 3 മീറ്റിംഗ് മാത്രം നടത്തിയ വിവരമാണ് ചേർത്തിരിക്കുന്നത്.

7. ദൈനംദിന ഡയറി സൂക്ഷിക്കുന്നില്ല

8. പൂർത്തീകരണ റിപ്പോർട്ടില്ല.

9. സംരക്ഷണ കമ്മിറ്റി രൂപീകരിച്ച് തുടർ നടത്തിപ്പ് കമ്മിറ്റിക്ക് കൈമാറുന്നില്ല.
10. കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നില്ല.

നിർമാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കി ജനപങ്കാളിത്തത്തോടെ സുതാര്യവും ഗുണനിലവാരം ഉയർന്നതും ചെലവു ചുരുങ്ങിയതുമായ മരാമത്ത് പ്രവൃത്തി ചെയ്യുന്നതിനാണ് സർക്കാർ ഗുണഭോക്തൃ സമിതി വഴിയുള്ള നിർവഹണം പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഇവയെല്ലാം പാടെ അവഗണിക്കുന്ന തരത്തിലാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാരനടപടികൾ സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ നിർവഹണം നടത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 ആദായ നികുതി കുറവ് ചെയ്യാതെ കൺവീനർക്ക് അധിക തുക നൽകി

പഞ്ചായത്തിൽ 2014-15 , 2015-16 വർഷത്തേക്ക് ബഹുവർഷ പ്രോജക്ടുകളായി അംഗീകാരം വാങ്ങി നടപ്പിലാക്കിയ പ്രവൃത്തികൾക്ക് തുക നൽകിയപ്പോൾ 2014-15 ൽ നിർമാണ തൊഴിലാളി ക്ഷേമ നിധി വിഹിതം , വാറ്റ് , എന്നിവ മാത്രം കുറവ് ചെയ്ത് തുക നൽകുകയും 2015-16 ൽ മൂല്യനിർണയ തുകയുടെ ബാക്കി തുക മുഴുവനായും കൺവീനർക്ക് നൽകുകയും ചെയ്തു . എന്നാൽ ടി വ്യക്തികളിൽ നിന്ന് വരുമാനത്തിനാനുപാതികമായി ആദായ നികുതി നിയമം 1961 സെക്ഷൻ 194 (സി) പ്രകാരം വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതായ ആദായ നികുതി 1% നിരക്കിൽ ഈടാക്കിയിട്ടില്ല. ടി തുക പിടിക്കാതെ കൺവീനർക്ക് അധിക തുക നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ വിശദീകരണം തേടിയപ്പോൾ തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം.7/16- അംഗനവാടി പോഷകാഹാര പരിപാടിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. ബിസ്മി ന്യൂട്രിമിക്സ് യൂണിറ്റ്, ആനക്കയം എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയതി | തൂക്കം (കി.ഗ്രാം) | വില (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) | ട്രഷറി ബിൽ / DD നം./ തിയതി |
|---|---|---|---|---|
| 1 | 3/ 02.03.15 | 1564.5 | 88394 | 1/15-16/ 15.07.15 |
| 2 | 5/01.04.15 | 1591 | 89892 | |
| 3 | 9/14.05.15 | 1477 | 83450 | |
| 4 | 11/15.06.15 | 1460 | 82490 | |
| 5 | 17/14.07.15 | 1310 | 74015 | 2/15-16/ 23.09.15 |
| 6 | 19/17.08.15 | 840.5 | 47488 | |
| 7 | 22/23.09.15 | 1200.5 | 67828 | 5/15-16/29.12.15 |
| 8 | 25/09.10.15 | 1184 | 66896 | 015102/02.02.16 |
| 9 | 29/11.11.15 | 1237.5 | 69918 | 8/15-16/11.02.16 |
| 10 | 32/14.12.15 | 1449.5 | 81896 | |
| 11 | 36/11.01.16 | 1438 | 81247 | |
| 12 | 38/03.02.16 | 1550.5 | 87603 | |
| ആകെ | | | 9,21,117 രൂപ | |

കുടുംബശ്രീ യൂണിറ്റുകൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റ് ലാബുകളിൽ ഗുണമേൻമ പരിശോധനക്ക് വിധേയമാക്കാനും ഗുണമേൻമ തൃപ്തികരമല്ല എന്ന റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ച് ന്യൂട്രിമിക്സിന്റെ വില കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ലെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 12.07.2011ലെ ഐ.സി.ഡി.എസ് ബി 3- 6136/11 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. ഈ അപാകതക ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (9 / 24.12.16) മറുപടിയിൽ പരിചയക്കുറവ് കൊണ്ടാണ് ലാബ് പരിശോധന നടത്താതിരുന്നത് എന്നാണ് അറിയിച്ചത്. ഇത്തരം അപാകതകൾ ഭാവിയിൽ

ഒഴിവാക്കേണ്ടതാണ്.

## 3-6 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - മാർഗ്ഗരേഖ പാലിച്ചില്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിലെ, അനുബന്ധം 16, ഖ 3.1 ൽ " നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് വേണ്ട തുക ഗ്രാമ പ്രദേശങ്ങളിൽ, ഗ്രാമ – ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ 60 : 15 : 25 എന്ന അനുപാതത്തിൽ വകയിരുത്തണമെന്ന്" നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നം. 19/16 മുഖേന 28 കർഷകർക്ക് നെൽകൃഷിക്ക് കൂലിച്ചെലവിനുള്ള ധനസഹായം നൽകിയപ്പോൾ മേൽപ്പറഞ്ഞ നിർദ്ദേശം പാലിച്ചില്ല. ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രമാണ് പ്രോജക്ടിന് വകയിരുത്തിയത്. വികസന ഫണ്ടിൽ നിന്ന്(ധനകാര്യ കമ്മീഷൻ അവാർഡ്) 66,000 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു.(ട്രഷറി ബിൽ നം. CB 11/15-16/31.03.16). ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/ 27.12.16) മറുപടിയിൽ , മേൽ പറഞ്ഞ ഉത്തരവിലെ ഖ.11.13 ( viii) – (ബി) യിൽ ഈ പദ്ധതി നിർബന്ധമായും സംയുക്ത പ്രോജക്ടായി തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലെന്നും ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ വിഹിതം വകയിരുത്താത്ത സാഹചര്യത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിച്ച് നെൽവയലുകൾ സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഗ്രാമ പഞ്ചായത്ത് വിഹിതം മാത്രം ഉപയോഗിച്ച് പ്രോജക്ട് നടപ്പാക്കിയതെന്നും അറിയിച്ചു.

പ്രോജക്ട് നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-7 വീടുപണി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയ പ്രോജക്ട് നം. 259/16 - വീട് നിർമാണം (ജനറൽ) പദ്ധതി മുഖേന 15 ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് 1,50,000 രൂപ വീതം ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് കാലാവധി കഴിഞ്ഞിട്ടും ഗുണഭോക്താക്കൾ ഏതാനും ഗഡു ധനസഹായം കൈപ്പറ്റി എങ്കിലും വീടുപണി പൂർത്തിയാക്കി ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി. മറിയുമ്മ, W/o ഹംസ, വേട്ടശ്ശേരി, താണിക്കൽ | 135000 |
| 2 | ശ്രീമതി. ഷംസിയ, W/o നൗഷാദ്, കൈതവളപ്പിൽ, ചാപ്പനങ്ങാടി | 135000 |
| 3 | ശ്രീമതി. സഫിയ, W/o സൈതലവി, ഉമ്മത്തൂർ, ഈസ്റ്റ് കോഡൂർ | 15000 |
| 4 | ശ്രീമതി. നസീബ, W/o ഷംസുദ്ധീൻ, വില്ലൻ, വലിയാട് | 105000 |
| 5 | ശ്രീമതി. സൈനബ, W/o മുഹമ്മദ് ബഷീർ, ഊരോത്തൊടി, താണിക്കൽ | 135000 |
| 6 | ശ്രീമതി. അനീസ, W/o ഷംസുദ്ധീൻ, ചെരട്ടത്തൊടി, താണിക്കൽ | 105000 |
| 7 | ശ്രീമതി. നൂർജഹാൻ, W/o അഹമ്മദ് കുട്ടി, കല്ലേങ്ങൽ, ചേളൂർ, കോഡൂർ | 135000 |
| 8 | ശ്രീമതി. സുഹ്റ,W/o അഷ്റഫ്, ചക്കിങ്ങത്തൊടി, വെസ്റ്റ് കോഡൂർ | 135000 |
| 9 | ശ്രീമതി. കദീജ, W/o ഹസ്സൻ കുട്ടി, മങ്കരത്തൊടി, മങ്ങാട്ടുപുലം | 60000 |
| 10 | ശ്രീമതി. കദീജ, W/o മുഹമ്മദാലി, വില്ലൻ, ആൽപ്പറ്റക്കുളമ്പ് | 105000 |
| 11 | ശ്രീമതി. മുനീറ, W/o അബ്ദുൽ ലത്തീഫ്, തേറമ്പത്ത്, കരിപറമ്പ്, കോഡൂർ | 105000 |
| 12 | ശ്രീമതി. ആയിഷ, W/o അലി, ചോലക്കൽ, ഉമ്മത്തൂർ | 105000 |

| | | |
|---|---|---|
| 13 | ശ്രീമതി. ഖദീജ, W/o നജ്മുദ്ധീൻ, കരുവാൻതൊടി, ഈസ്റ്റ് കോഡൂർ | 105000 |
| 14 | ശ്രീമതി. ഫസലുൽ ഫാരിസ.കെ, W/o ഉസ്മാൻ, കിളിവായിൽ, പുളിയാട്ടുകുളം | 115000 |
| 15 | ശ്രീമതി. ഖൈറുന്നീസ, W/o ഷാനവാസ്, കോഴിപ്പുറത്ത്, വടക്കേമണ്ണ | 105000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി "മേൽ ഗുണഭോക്താക്കൾ 2016-17 ൽ വീട്ടു നിർമാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവർക്ക് ബാക്കി തുക നൽകുന്നതിന് 17/2016-17 നമ്പർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചു. മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 എസ്.എസ്.എ പ്രോജക്ടിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടാവുന്നില്ല; എസ്.എസ്.എ വിഹിതം ലക്ഷ്യം നിറവേറ്റുന്നില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത്. തയ്യാറാക്കുന്ന പ്രോജക്ട് ഭരണ സമിതി അംഗീകരിക്കുകയും, അംഗീകരിച്ച പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പാലിക്കാതെയാണ് 2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 14,00,000/- എസ്.എസ്.എ മലപ്പുറം ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്.(S0037/16)

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ<br>വികസന ഫണ്ട് - പൊതു വിഭാഗം ₹ 10,00,000<br>ധനകാര്യ കമ്മീഷൻ അവാർഡ്<br>₹ 4,00,000 | ₹ 14,00,000 | 1/15-16<br>₹ 10,00,000/-<br>തിയ്യതി 18.09.2015<br>1/15-16<br>₹ 4,00,000/-<br>തിയ്യതി 18.09.2015 |

പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നനതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്. എസ് .എ നടപ്പിലാക്കി വരുന്നതിനാൽ അത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിന് ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. എന്നിരിക്കേ എസ്.എസ്.എ യും നിർവഹണ ഉദ്യോഗസ്ഥരും - ഭരണ സമിതിയും എസ്.എസ്.എ യുടെ പ്രോജക്ട് നടപ്പിലാക്കുന്ന കാര്യത്തിൽ തീരെ ശ്രദ്ധ പുലർത്തുന്നില്ല. ഏതല്ലാം പ്രോജക്ടുകളാണ് എസ്.എസ്.എ നടത്തിയതെന്ന് നിർവഹണ ഉദ്യേഗസ്ഥന്റെയടുത്ത് ഒരു കണക്കുമില്ല. മുൻവർഷങ്ങളിൽ എസ്.എസ്.എ ക്ക് നൽകിയ വിഹിതം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | ഫണ്ട് | എസ്.എസ്.എ വിഹിതം |
|---|---|---|---|
| 2014-15 | 01/2015 | വികസന ഫണ്ട് -10 ലക്ഷം<br>ധന.ക.അവാർഡ് -5 ലക്ഷം | ₹ 15,00,000 |
| 2013-14 | 23/2014 | വികസന ഫണ്ട് -9,41,450<br>ധന.ക.അവാർഡ് -4,57,550 | ₹ 13,99,000 |
| 2012-13 | 13/2013 | വികസന ഫണ്ട് -20,90,000 | ₹ 20,90,000 |
| 2011-12 | 8/2012 | വികസന ഫണ്ട് -9 ലക്ഷം | ₹ 9,00,000 |
| 2010-11 | 25/2011 | വികസന ഫണ്ട് -9,11,000 | ₹ 9,11,000 |
| 2009-10 | 06/2010 | വികസന ഫണ്ട് - 7,77,000 | ₹7,77,000 |
| 2008-09 | 05/2009 | വികസന ഫണ്ട് -7,13,000 | ₹7,13,000 |

വർക്ക് പ്ലാൻ അതേ പോലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്ന പേരു മാറ്റിയാണ് ഫയലിൽ വെച്ചിട്ടുള്ളത്. എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിശദമായ വിനിയോഗം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ അധികാരികൾ

ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 01 – 21/12/2016) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിന് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. വിശദ വിവരങ്ങളടങ്ങിയ മലയാളത്തിലുള്ള വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്ന് ലഭ്യമാക്കുന്നത് വരെ തുക (14 ലക്ഷം രൂപ) തടസ്സം ചെയ്യുന്നു. ഭരണ സമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-9 സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു

2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽ (35/2016) ഉൾപ്പെടുത്തി തുക ചെലവഴിച്ചു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പറും | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ദിവസ വേതനത്തിന് പഞ്ചായത്തിലെ അധ്യാപക ബാങ്കിൽ (ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത അധ്യാപകരിൽ) നിന്നും നിയമനം | ചെക്ക് നമ്പർ 3989149 16.02.16 ₹ 60900 ചെക്ക് നമ്പർ 3989157 18.03.16 ₹ 4200 | 65100 | |
| 2 | എൽ എസ് എസ് /യു എസ് എസ് പരിശീലനം | ചെക്ക് നമ്പർ 3989157 18.03.16 ₹ 87000 | 87000 | |
| 3 | അധ്യാപക സംഗമം | ചെക്ക് നമ്പർ 3989149 16.02.16 ₹ 29620 | 29620 | |

ആകെ 181720

ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതിആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ , ജി ഒ (എം എസ്) 225/2012തസ്വഭവ 18.08.12 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ എന്നിവ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നനതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്. എസ് .എ നടപ്പിലാക്കി വരുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ പരാമർശിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നത് കൊണ്ട് പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് മികവ് പുലർത്തുന്നുണ്ട് എന്നും ഈ രംഗത്ത് ചെലവാക്കുന്ന ഫണ്ടിനനുസരിച്ച് അതിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നുണ്ടെന്നും അറിയിച്ചു. പദ്ധതി മാർഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിക്കേണ്ടതാണ് എന്ന നിബന്ധന പാലിച്ചിട്ടില്ല. LSS/ USS പരിശീലനം തെരഞ്ഞെടുക്കപ്പെട്ടതും പഠനത്തിൽ ഉന്നതനിലവാരം പുലർത്തുന്നതുമായ കുട്ടികൾക്ക് നൽകിയതാണ്. മേൽ പറഞ്ഞ കാരണങ്ങളാൽ ചെലവു തുക അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല.

1. പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15 /ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0003/16' ആരോഗ്യ പരിരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശന നടന്ന കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. ആരോഗ്യസ്ഥാപനത്തിലേയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നാളിതു വരെ (29.12.2016 )ഇത്തരത്തിലുള്ള ഒരു ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം. 6/23.12.2016 ന് മറുപടിയായി സെക്രട്ടറി അറിയിച്ചു. പാലിയേറ്റീവ് കെയർ നഴ്സിന് ഗൃഹസന്ദർശന റിപ്പോർട്ട് ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യാൻ ഉതകുന്ന ഓൺലൈൻ സംവിധാനം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പുതുക്കിയ മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം '" ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല.'

3. ട്രഷറി ചെക്ക് നമ്പർ 3989144 തീയതി 22.01.2016 പ്രകാരം 20,600 രൂപയും , ട്രഷറി ചെക്ക് നമ്പർ 3989153 തീയതി 04.03.2016 പ്രകാരം 45,600 രൂപയും ട്രഷറി ചെക്ക് നമ്പർ 4062163 തീയതി 31.03.2016 പ്രകാരം 30,720 രൂപയും ആരോഗ്യ പരിരക്ഷ പ്രോജക്ടിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ നാളിതു വരെ പ്രസിദ്ധീകരിച്ചിട്ടില്ല.

4. പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5. 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവംബർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് ഈ ഇനത്തിൽ നൽകിയ തുക 1500 രൂപയാണ്.

6.പുതുക്കിയ മാർഗ്ഗരേഖയിൽ ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ നവംബർ മാസത്തിൽ 400 രൂപ പ്രതി ദിനം വെച്ച് 4800 രൂപ ചെലവാക്കിയതിൽ (12X180 =2160 രൂപയാണ് പരിധി) 4800-2160 എന്നാല് 2640/- രൂപ അധികം നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05 – 23/12/2016) മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയും തുടർ വിവരവും ചുവടെ ചേർക്കുന്നു. (1)"" രോഗികളുടെ പേര് വിവരം രോഗികളുടെ സ്വകാര്യതക്ക് ഭംഗം വരുത്തും എന്നതിനാലും ,മെഡിക്കൽ എത്തിക്ക്സ് നിയമങ്ങൾ പാലിക്കേണ്ടി വരുന്നതിനാലും പല രോഗികളും തങ്ങളുടെ രോഗ വിവരം പുറത്തറിയുന്നത് ഇഷ്ടപ്പെടാത്തതിനാലും മേൽ വിവരങ്ങൾ ഒരു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയില്ല."" എന്ന് അറിയിച്ചു. ഈ മറുപടി അംഗീകരിക്കുന്നില്ല. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കൊണ്ടാണ് നിലവിലെ മാർഗരേഖ പരിഷ്കരിച്ച് സർക്കാർ ഉത്തരവിറക്കിയത്. പരിരക്ഷാ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഓരോ വർഷവും ലക്ഷങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്നത്. എന്നാൽ ഈ പ്രോജക്ടിന്റെ സുതാര്യതക്ക് വേണ്ടിയാണ് രോഗികളുടെ പേര് വിവരങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ മാർഗരേഖ നിർദ്ദേശിക്കുന്നത്. മരിച്ചവരുടേയും ഇല്ലാത്ത രോഗികളുടേയും പേരിൽ വ്യാജ രേഖകൾ ഉണ്ടാക്കി പൊതു പണം നഷ്ടപ്പെടുത്തുന്ന സാഹചര്യം ഇല്ലാതാക്കാനും രോഗികളുടെ വിവരങ്ങൾ ആരാഞ്ഞു കൊണ്ടുള്ള വിവരാകാശ അപേക്ഷകൾ ഇല്ലാതാക്കാനുമാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പരിരക്ഷ പ്രോജക്ടിന്റെ സുതാര്യത ഉറപ്പുവരുത്താൻ മാർഗരേഖ നിർദ്ദേശിക്കുന്നത്. ടി ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം ചിലവഴിച്ച തുക 96920 രൂപ തടസ്സം ചെയ്യുന്നു.

(2) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യുന്നതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്ന മുറക്ക് ആയത് ചെയ്യുന്നതാണ് എന്നറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

(3) എല്ലാ ചെലവുകളും (ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഇനി മുതൽ നേരിട്ട് നൽകുന്നതാണെന്ന്

അറിയിച്ചു. മറുപടി അംഗീകരിക്കുന്നു.

(4) 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിന് അലവൻസ് നൽകരുതെന്ന് പരാമർശമില്ലാത്തതിനാലാണ് നൽകിയതെന്ന് അറിയിച്ചു. മാർഗരേഖ അനുവദിക്കാത്ത ചെലവുകൾ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(5) പരിഷ്കരിച്ച മാർഗരേഖ ഉചിത മാർഗ്ഗേന ഓഫീസിലെത്തിയത് ഡിസംബർ മാസത്തിലായതിനാലാണ് നവംബർ മാസം 180 രൂപ പരിധി ലംഘിച്ച് ഭക്ഷണ ചെലവിനുള്ള തുക നൽകിയത് . ഉത്തരവ് ലഭിച്ച ശേഷം 180 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചു. സർക്കാർ ഉത്തരവുകൾ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പരിരക്ഷാ പദ്ധതിക്ക് വേണ്ടി വിശദമായി പ്രൊജക്ട് തയ്യാറാക്കി ഓരോ വർഷവും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ട് പാടില്ല. രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായ പരിചരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ഓരോ വർഷവും ഏപ്രിൽ മുതൽ തുടർന്ന് നടപ്പാക്കാവുന്നതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽകാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് തുക ബാക്കിയുണ്ടെങ്കിലും അവസാനിപ്പിക്കണം. സിപിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കാൻ പാടില്ല. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് കെയർ പദ്ധതികൾ പാടില്ല, നടപ്പാക്കാനും പാടില്ല. ആരോഗ്യ രംഗത്ത് ഹോമിയോ – ആയുർവേദ ചികിത്സാ ആവശ്യമായ രോഗികൾക്ക് പി എച്ച് സി യുടെ പരിരക്ഷയുടെ ഭാഗമാക്കാവുന്നതാണ്. പ്രസ്തുത രോഗികൾക്ക് അതാത് ഡോക്ടർമാരുടെ സേവനം ഗൃഹസന്ദർശന വേളയിൽ ഉറപ്പു വരുത്തേണ്ടതാണ്. അലോപ്പതി നിർവഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കണം ഇതിന്റെയും നിർവഹണ ഉദ്യോഗസ്ഥൻ. അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ വികസന ഫണ്ട്/ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടംബങ്ങൾക്കും വേണ്ടി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടേയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടേയും വാർഷിക സംഗമം വിളിച്ചു ചേർക്കാവുന്നതാണ്. സംഗമം ആർഭാട രഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേക്കായി പരമാവധി 60 രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000 രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടി വരുകയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്. പുതുക്കിയ മാർഗ രേഖ (സ.ഉ(ആർ.ടി) 3217/15 ത.സ്വ.ഭ.വ 29-10-2015) പാലിച്ചു കൊണ്ട് പരിരക്ഷാ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 150000 | 9/16, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | |
| | 425000 | 17/16 ചട്ടിപ്പറമ്പ് തണ്ണീർചോല കുടിവെള്ള പദ്ധതി , കിണർ നിർമാണം | 425000 | |
| | 75000 | കാച്ചടിപറമ്പ് കുടിവെള്ള പദ്ധതിക്ക് മോട്ടോർ | 75000 | |
| ബ്ലോക്ക് പഞ്ചായത്ത് | 171530 | ബയോഗ്യാസ് പ്ലാന്റ് 169/16 | 171530 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| | | | | | |
|---|---|---|---|---|---|
| കെ ഡബ്ല്യ എ | 234/16 കുടിവെള്ള ആവശ്യത്തിന് പൈപ്പ്ലൈൻ നീട്ടൽ | | 300000 | 300000 | പൂർത്തീകരിച്ചു |
| കെ ഡബ്ല്യ എ | 256/16 ഇമ്മിണിക്കുന്ന് കുടിവെള്ള പദ്ധതി | | 454000 | 454000 | പൂർത്തീകരിച്ചു |
| കെ എസ് ഇ ബി | 293/16 സ്ട്രീറ്റ് മെയിൻ , മീറ്റർ സ്ഥാപിക്കൽ | | 2194630 | 2194630 | പൂർത്തീകരിച്ചു |
| കെ എസ് ഇ ബി | 294/16 കേരള സാമൂഹ്യ സുരക്ഷാ മിഷൻ | | 500000 | 500000 | പൂർത്തീകരിച്ചു |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ. വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം സംബന്ധിച്ച് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42460607 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56588811 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,96,920 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക.നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |

| | | | |
|---|---|---|---|
| 3.9 | | 181720 | ശ്രീ.യൂസഫ്, ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 14,00,000 | ശ്രീ.യൂസഫ് ,പ്രധാനാധ്യാപകൻ |
| 3-11 | 96920 | ഡോ. ഷംസുദ്ദീൻ , മെഡിക്കൽ ഓഫീസർ അലോപ്പതി |
| ആകെ | 14,96,920 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ.യൂസഫ്.എ ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, മക്കരപ്പറമ്പ് | അറക്കൽ ഹൗസ് വടക്കാങ്ങര.പി.ഒ, മലപ്പുറം -679321 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ.എഫ്.എം6/1986 /83/19.10.2010 | 2 |

| | | | |
|---|---|---|---|
| 1983-84 | എൽ.എഫ്.എം6/53 /89/19.10.2010 | 1 | |
| 1985-86 | എൽ.എഫ്.എം6/933 /92/19.10.2010 | 1 | |
| 1986-87,1987-88 | എൽ.എഫ്.എം6/1794 /94/19.10.2010 | 2 | |
| 1988-89,1989-90,1990-91 | എൽ.എഫ്.എം6/1477 /95/19.10.2010 | 7 | |
| 1991-92,1992-93 | എൽ.എഫ്.എം6/1570 /95/19.10.2010 | 8 | |
| 1993-94,1994-95 | എൽ.എഫ്.എം5/1024 /06/19.10.2010 | 28 | |
| 1995-96 | എൽ.എഫ്.എം14/719 /03/19.10.2010 | 8 | |
| 1996-97 | എൽ.എഫ്.എം12/788 /07/19.10.2010 | 21 | |
| 1997-98 | എൽ.എഫ്.എം14/1205 /01/19.10.2010 | 16 | |
| 1998-99 | എൽ.എഫ്.എം11/660 /04/19.10.2010 | 16 | |
| 1999-2000 | എൽ.എഫ്.എം12/1467 /08/19.10.2010 | 15 | |
| 2000-01 | എൽ.എഫ്.എം12/1492 /07/19.10.2010 | 16 | |
| 2001-02 | എൽ.എഫ്.എം12/868 /06/19.10.2010 | 8 | |
| 2002-03 | എൽ.എഫ്.എം12/869 /06/19.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം12/389 /10/19.10.2010 | 20 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.എം12/390 /10/19.10.2010 | 11 |
| 2005-06 | എൽ.എഫ്.എം12/391 /12/19.10.2010 | 13 |
| 2006-07 | എൽ.എഫ്.എം12/542 /11/6.6.2011 | 14 |
| 2007-08 | എൽ.എഫ്.എം12/731 /11/8.6.2011 | 24 |
| 2008-09 | എൽ.എഫ്.എം12/67 /11/11.10.2011 | 18 |
| 2009-10 | എൽ.എഫ്.എം12/68 /11/16.11.2011 | 16 |
| 2010-11 | എൽ.എഫ്.എം14/937 /12/8.6.2012 | 14 |
| 2011-12 | എൽ.എഫ്.എം14/2850 /12/11.12.2012 | 21 |
| 2012-13 | എൽ.എഫ്.എം14/1101 /15/4.11.15 | 14 |
| 2013-14 2014-15 | നമ്പർ കെ എസ് എ എം പി എം 27/2096/2016 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.27/3/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :30.1.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

## അനുബന്ധം-2

## AUDIT CERTIFICATE

No.KSA/MPM/ 27/3/2017

Kerala State Audit
Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 30.1.2017

Certified that I have audited the Annual Financial Statement of Kodur Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath

Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kodur Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram